**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2727</u>** **<u>06-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പാലക്കാട് ജില്ലയിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016 മേയ് മാസം മുതല്‍ നാളിതുവരെ പാലക്കാട് ജില്ലയില്‍ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | **<u>കെ എസ് ഇ ബി എൽ</u>**<br><br>പാലക്കാട് ജില്ലയിൽ 2016 മെയ് മാസം മുതൽ വൈദ്യുതി വിതരണ ശൃംഖലയുടെ നവീകരണവും ആധുനിക വൽക്കരണവും ലക്ഷ്യം വെയ്ക്കുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 1547.93കി. മീ ഹൈടെൻഷൻ ലൈൻ (HT), 2726.24 കി.മീ ലോ ടെൻഷൻ ലൈൻ (LT), 53.17കി. മീ ഭൂഗർഭ കേബിൾ എന്നിവ നിർമ്മിച്ച് 1881 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 915.21 കി. മീ സിംഗിൾ ഫേസ് ലൈനിനെ ത്രീ ഫേസ് ആക്കി കൺവേർഷൻ ചെയ്തു. സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി 10963.5 കി.മീ ലോ ടെൻഷൻ വൈദ്യുത കമ്പികളും, 897.39 കി.മീ ഹൈടെൻഷൻ വൈദ്യുത കമ്പികളും, എ.ബി.സി കേബിൾ (Aerial Bunched Cable (ABC)), കവചിത കണ്ടക്ടർ (Covered Conductor), UG Cable എന്നിവ ഉപയോഗിച്ച് നവീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസിൽ നാളിതുവരെ പാലക്കാട് ജില്ലയിൽ 12.563 km അണ്ടർ ഗ്രൗണ്ട് കേബിളുകൾ (UG) വലിക്കുകയും, 85.35 ckm 11 കെ.വി ലൈനിനെ കവേർഡ് കണ്ടക്ടർ വച്ച് റീകണ്ടക്ടറിംഗ് ചെയ്യുകയും, 6km 11 കെ.വി ലൈനിനെ RACCOON കണ്ടക്ടർ വച്ച് റീകണ്ടക്ടറിംഗ് ചെയ്യുകയും, 164.846km LT ലൈനിനെ AB കണ്ടക്ടർ വച്ച് റീകണ്ടക്ടറിംഗ് ചെയ്യുകയും, 41 എണ്ണം Ring Main Unit (RMU)കൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 67.72 കി.മീ HT ലൈൻ വർക്കുകൾ, 133.25 കി.മീ LT ലൈൻ വർക്കുകൾ, 56.69 കി.മീ HT റീകണ്ടക്ടറിംഗ്, 168.03 |

കി.മീ LT റീകണ്ടക്ടറിംഗ്, 26.04 കി.മീ LT Conversion, 54 എണ്ണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 6 എണ്ണം ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS ൽ പാലക്കാട് ജില്ലയിൽ 158.0819 കോടി രൂപയുടെ വിവിധ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർക്കുകളിൽ HT യിലും LTയിലും പഴയ ലൈനുകൾ മാറ്റി പുതിയ ലൈനുകളാക്കൽ, പുതിയ ലൈനുകൾ ABC കേബിൾ ഉപയോഗിച്ചും, UG കേബിൾ ഉപയോഗിച്ചും വലിക്കൽ, സിംഗിൾ ഫേസ് ലൈനുകളെ ത്രീ ഫേസ് ആക്കി മാറ്റൽ, പുതിയ ട്രാൻസ്ഫോർമർ വയ്ക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, റിംഗ് മെയിൻ യൂണിറ്റുകൾ (RMU) സ്ഥാപിക്കൽ, മഴക്കാലത്ത് വെള്ളം കേറാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും ട്രാൻസ്ഫോർമറുകളെ ഉയർത്തൽ എന്നീ വർക്കുകൾ ഉൾപ്പെടുന്നു. അതിനായുള്ള വിവിധ സാധന സാമഗ്രികളുടെ സംഭരണം നടന്നുകൊണ്ടിരിക്കുന്നു.

പാലക്കാട് ജില്ലയിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 2078.69kW സ്ഥാപിത ശേഷിയിൽ 179 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു. സൗര ഫേസ്-II പദ്ധതിയിൽ ഉൾപ്പെടുത്തി 11868.6kW സ്ഥാപിതശേഷിയിൽ 3331 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു. ഇതിനു പുറമെ 5.06MW ശേഷിയുള്ള 5 ഭൗമോപരിതല സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. കൂടാതെ പി എം കുസും പദ്ധതിയിൽ ഉൾപ്പെടുത്തി 3 സൗരോർജ്ജ നിലയങ്ങൾ 2200 kW സ്ഥാപിത ശേഷിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 12,51,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് എത്തിക്കുവാൻ കഴിയാത്ത വിദൂര ആദിവാസി നഗറുകളായ കുരിയാർകുട്ടി, 30 ഏക്കർ, അല്ലിമൂപ്പൻ, ഒറവൻപാടി, കച്ചിത്തോട് എന്നിവയ്ക്കും, അനമട, സൂര്യപാറ I, സൂര്യപാറ II, എന്നീ വിദൂര സ്ഥലങ്ങളിലും ആകെ 84kW ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുകയുണ്ടായി.

ഇതിനു പുറമെ പാലക്കാട് ജില്ലയിൽ വൈദ്യുതിവകുപ്പ് മുഖേന 5 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 88 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

**2016** മുതൽ നാളിതുവരെ പാലക്കാട് ട്രാൻസ്മിഷൻ വിഭാഗം നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾ അനുബന്ധം-**1** ആയി ചേർത്തിരിക്കുന്നു.

**<u>അനെർട്ട്</u>**

2016 മേയ് മാസം മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ അനെർട്ട് ഡെപ്പോസിറ്റ് പ്രവൃത്തിയായി ആകെ 811.5 kW ശേഷിയുള്ള 72 സൗരോർജ്ജ പവർ പ്ലാന്റുകളും 62 സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചു. കൂടാതെ, 2018ലെയും 2019ലെയും വെള്ളപ്പൊക്കത്തെ തുടർന്ന് ഏറ്റവും കൂടുതൽ ദുരിതം ബാധിച്ച പ്രദേശങ്ങളിലായി 10 kW ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.

സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് സഹായം നല്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

പാലക്കാട് ജില്ലയിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PMKUSUM പദ്ധതിയിൽ പമ്പുകളുടെ സൗരോർജ്ജവല്ക്കരണം നടപ്പിലാക്കിവരുന്നു.

2016 മെയ് മാസം മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ <u>അനുബന്ധം -</u>2 ആയി ചേർക്കുന്നു.

പാലക്കാട് ജില്ലയിൽ സ്ഥാപിച്ച സോളാർ പവർ പ്ലാന്റുകൾ എല്ലാം തന്നെ പ്രവർത്തന യോഗ്യമാണ്.

പാലക്കാട് ജില്ലയിൽ പി.എം. കുസും പദ്ധതിയുടെ നിർവ്വഹണത്തിനായി 1435 സൈറ്റുകളിൽ വർക്ക് ഓർഡർ നൽകുകയും അതിൽ 738 എണ്ണം നിർമാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 582 സൈറ്റുകളിൽ സോളാർ പവർ പ്ലാന്റ് വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട് .

അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട ചാർജിങ് മെഷീനുകളെല്ലാം നിലവിൽ പ്രവൃത്തിക്കുന്നുണ്ട്. ഈ പദ്ധതി വഴി സ്ഥാപിച്ച ചാർജിങ് മെഷീനുകളെല്ലാം തന്നെ DC fast

| | | | |
|---|---|---|---|
| | | | charging മെഷീനുകളായതിനാൽ ഇലക്ട്രിക്ക് കാറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് വളരെ പ്രയോജനകരമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | **<u>കെ എസ് ഇ ബി എൽ</u>**<br><br>പാലക്കാട് ജില്ലയിൽ 2016 മെയ് മാസം മുതൽ വൈദ്യുതി വിതരണ ശൃംഖലയുടെ നവീകരണവും ആധുനിക വൽക്കരണവും ലക്ഷ്യം വെയ്ക്കുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 1547.93കി. മീ ഹൈടെൻഷൻ ലൈൻ (HT), 2726.24 കി.മീ ലോ ടെൻഷൻ ലൈൻ (LT), 53.17കി. മീ ഭൂഗർഭ കേബിൾ എന്നിവ നിർമ്മിച്ച് 1881 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 915.21 കി. മീ സിംഗിൾ ഫേസ് ലൈനിനെ ത്രീ ഫേസ് ആക്കി കൺവേർഷൻ ചെയ്തു. സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി 10963.5 കി.മീ ലോ ടെൻഷൻ വൈദ്യുത കമ്പികളും, 897.39 കി.മീ ഹൈടെൻഷൻ വൈദ്യുത കമ്പികളും, എ.ബി.സി കേബിൾ (Aerial Bunched Cable (ABC)), കവചിത കണ്ടക്ടർ (Covered Conductor), UG Cable എന്നിവ ഉപയോഗിച്ച് നവീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസിൽ നാളിതുവരെ പാലക്കാട് ജില്ലയിൽ 12.563 km അണ്ടർ ഗ്രൗണ്ട് കേബിളുകൾ (UG) വലിക്കുകയും, 85.35 ckm 11 കെ.വി ലൈനിനെ കവേർഡ് കണ്ടക്ടർ വച്ച് റീകണ്ടക്ടറിംഗ് ചെയ്യുകയും, 6km 11 കെ.വി ലൈനിനെ RACCOON കണ്ടക്ടർ വച്ച് റീകണ്ടക്ടറിംഗ് ചെയ്യുകയും, 164.846km LT ലൈനിനെ AB കണ്ടക്ടർ വച്ച് റീകണ്ടക്ടറിംഗ് ചെയ്യുകയും, 41 എണ്ണം Ring Main Unit (RMU)കൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 67.72 കി.മീ HT ലൈൻ വർക്കുകൾ, 133.25 കി.മീ LT ലൈൻ വർക്കുകൾ, 56.69 കി.മീ HT റീകണ്ടക്ടറിംഗ്, 168.03 കി.മീ LT റീകണ്ടക്ടറിംഗ്, 26.04 കി.മീ LT Conversion, 54 എണ്ണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 6 എണ്ണം ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS ൽ പാലക്കാട് ജില്ലയിൽ 158.0819 കോടി രൂപയുടെ വിവിധ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർക്കുകളിൽ HT യിലും LTയിലും പഴയ ലൈനുകൾ മാറ്റി പുതിയ ലൈനുകളാക്കൽ, പുതിയ ലൈനുകൾ ABC |

കേബിൾ ഉപയോഗിച്ചും, UG കേബിൾ ഉപയോഗിച്ചും വലിക്കൽ, സിംഗിൾ ഫേസ് ലൈനുകളെ ത്രീ ഫേസ് ആക്കി മാറ്റൽ, പുതിയ ട്രാൻസ്ഫോർമർ വയ്ക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, റിംഗ് മെയിൻ യൂണിറ്റുകൾ (RMU) സ്ഥാപിക്കൽ, മഴക്കാലത്ത് വെള്ളം കേറാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും ട്രാൻസ്ഫോർമറുകളെ ഉയർത്തൽ എന്നീ വർക്കുകൾ ഉൾപ്പെടുന്നു. അതിനായുള്ള വിവിധ സാധന സാമഗ്രികളുടെ സംഭരണം നടന്നുകൊണ്ടിരിക്കുന്നു.

പാലക്കാട് ജില്ലയിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 2078.69kW സ്ഥാപിത ശേഷിയിൽ 179 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു. സൗര ഫേസ്-II പദ്ധതിയിൽ ഉൾപ്പെടുത്തി 11868.6kW സ്ഥാപിതശേഷിയിൽ 3331 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു. ഇതിനു പുറമെ 5.06MW ശേഷിയുള്ള 5 ഭൗമോപരിതല സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. കൂടാതെ പി എം കുസും പദ്ധതിയിൽ ഉൾപ്പെടുത്തി 3 സൗരോർജ്ജ നിലയങ്ങൾ 2200 kW സ്ഥാപിത ശേഷിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 12,51,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് എത്തിക്കുവാൻ കഴിയാത്ത വിദൂര ആദിവാസി നഗറുകളായ കുരിയാർകുട്ടി, 30 ഏക്കർ, അല്ലിമൂപ്പൻ, ഒറവൻപാടി, കച്ചിത്തോട് എന്നിവയും, അനമട, സൂര്യപാറ I, സൂര്യപാറ II, എന്നീ വിദൂര സ്ഥലങ്ങളിലും ആകെ 84kW ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുകയുണ്ടായി.

ഇതിനു പുറമെ പാലക്കാട് ജില്ലയിൽ വൈദ്യുതിവകുപ്പ് മുഖേന 5 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 88 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

**2016** മുതൽ നാളിതുവരെ പാലക്കാട് ട്രാൻസ്മിഷൻ വിഭാഗം നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾ അനുബന്ധം-**1** ആയി ചേർത്തിരിക്കുന്നു.

**<u>അനെർട്ട്</u>**

2016 മേയ് മാസം മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ അനെർട്ട് ഡെപ്പോസിറ്റ് പ്രവൃത്തിയായി ആകെ 811.5 kW ശേഷിയുള്ള 72 സൗരോർജ്ജ പവർ പ്ലാന്റുകളും 62 സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചു. കൂടാതെ, 2018ലെയും 2019ലെയും വെള്ളപ്പൊക്കത്തെ തുടർന്ന് ഏറ്റവും കൂടുതൽ ദുരിതം ബാധിച്ച പ്രദേശങ്ങളിലായി 10 kW ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.

| | | | |
|---|---|---|---|
| | | | സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് സഹായം നല്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>പാലക്കാട് ജില്ലയിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PMKUSUM പദ്ധതിയിൽ പമ്പുകളുടെ സൗരോർജ്ജവല്കരണം നടപ്പിലാക്കിവരുന്നു.<br><br>2016 മെയ് മാസം മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ <u>അനുബന്ധം -</u>2 ആയി ചേർക്കുന്നു.<br><br>പാലക്കാട് ജില്ലയിൽ സ്ഥാപിച്ച സോളാർ പവർ പ്ലാന്റുകൾ എല്ലാം തന്നെ പ്രവർത്തന യോഗ്യമാണ്.<br><br>പാലക്കാട് ജില്ലയിൽ പി.എം. കുസും പദ്ധതിയുടെ നിർവ്വഹണത്തിനായി 1435 സൈറ്റുകളിൽ വർക്ക് ഓർഡർ നൽകുകയും അതിൽ 738 എണ്ണം നിർമാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 582 സൈറ്റുകളിൽ സോളാർ പവർ പ്ലാന്റ് വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട് .<br><br>അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട ചാർജിങ് മെഷീനുകളെല്ലാം നിലവിൽ പ്രവൃത്തിക്കുന്നുണ്ട്. ഈ പദ്ധതി വഴി സ്ഥാപിച്ച ചാർജിങ് മെഷീനുകളെല്ലാം തന്നെ DC fast charging മെഷീനുകളായതിനാൽ ഇലക്ട്രിക്ക് കാറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് വളരെ പ്രയോജനകരമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ക്രമ നം. | പ്രവർത്തികളുടെ പേര് | പുരോഗതി |
|---|---|---|
| 1 | 66 കെ.വി പാലക്കാട് മെഡിക്കൽ കോളേജ് സബ് സ്റ്റേഷൻ | 2016-17 ൽ പൂർത്തീകരിച്ചു |
| 2 | അഗളി 33 കെ.വി സബ് സ്റ്റേഷനിൽ 5MVA 33/11 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിച്ച് 15 എം. വി. എ ആയി ശേഷി വർദ്ധിപ്പിച്ചു | 2017-18 ൽ പൂർത്തീകരിച്ചു |
| 3 | 220 കെവി. സബ്സ്റ്റേഷൻ ഷൊർണ്ണൂർ 300 MVA ആയി ശേഷി വർദ്ധിപ്പിച്ചു | 2018-19 ൽ പൂർത്തീകരിച്ചു |
| 4 | 110 കെ. വി. കൊപ്പം സബ്സ്റ്റേഷനിൽ 12.5 എം. വി. എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് 57 MVA ആയി ശേഷി വർദ്ധിപ്പിച്ചു | 2018-19 ൽ പൂർത്തീകരിച്ചു |
| 5 | 220 കെവി. സബ്സ്റ്റേഷൻ കഞ്ചിക്കോടിൽ 160MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചു | 2019-20 ൽ പൂർത്തീകരിച്ചു |
| 6 | 3 കെ.വി സബ് സ്റ്റേഷൻ ഒലവക്കോട് കല്പാത്തി നിർമ്മാണം | 2019-20 ൽ പൂർത്തീകരിച്ചു |
| 7 | 33 കെ.വി സബ് സ്റ്റേഷൻ വൈദ്യുതി ഭവനം മുതൽ 33 കെ.വി സബ് സ്റ്റേഷൻ ഒലവക്കോട് കല്പാത്തി വരെ 33 കെ.വി പുതിയ ലൈൻ | 2019-20 ൽ പൂർത്തീകരിച്ചു |
| 8 | കൊല്ലങ്കോട് 110 കെ.വി. സബ് സ്റ്റേഷനിൽ 110/11 കെ. വി. 2 x 12.5 എം. വി. എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിച്ചു | 2020-21 ൽ പൂർത്തീകരിച്ചു |
| 9 | 66 കെ.വി. നെന്മാറ സബ് സ്റ്റേഷൻ 110 കെ.വി. ആയി ഉയർ ത്തി | 2020-21 ൽ പൂർത്തീകരിച്ചു |
| 10 | കൊല്ലങ്കോട് - വടക്കഞ്ചേരി 110 കെ.വി. ലൈൻ നിർമ്മാണം | 2020-21 ൽ പൂർത്തീകരിച്ചു |
| 11 | 110 കെ.വി. വടക്കഞ്ചേരിയിൽ 110kV നെന്മാറയുമായി ബന്ധിപ്പിച്ചു . | 2020-21 ൽ പൂർത്തീകരിച്ചു |
| 12 | ഷൊർണൂർ 220 കെ.വി. സബ് സ്റ്റേഷനിൽ 110 കെ. വി റെയിൽവെ ട്രാക്ഷൻ ഫീഡർ 2 പൂർത്തികരിച്ചു (4.98 കി. മീ) | 2020-21 ൽ പൂർത്തീകരിച്ചു |
| 13 | പാലക്കാട് 220 കെ.വി. സബ് സ്റ്റേഷനിൽ നിന്ന് 110 കെ. വി റെയിൽവെ ട്രാക്ഷൻ ഫീഡർ നമ്പർ പൂർത്തീകരിച്ചു (3.15 കി. മീ ) | 2020-21 ൽ പൂർത്തീകരിച്ചു |
| 14 | തൃത്താല 33 കെ.വി സബ് സ്റ്റേഷനിൽ പുതിയ കണ്ട്രോൾ റും നിർമ്മാണം | 2020-21 ൽ പൂർത്തീകരിച്ചു |
| 15 | വെണ്ണക്കര 110 കെ.വി GIS സബ് സ്റ്റേഷൻ നിർമ്മാണം | 2021-22 ൽ പൂർത്തീകരിച്ചു |
| 16 | മലമ്പുഴ 33 കെ.വി സബ് സ്റ്റേഷനിൽ 16 MVA, 110 / 33 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 2021-22 ൽ പൂർത്തീകരിച്ചു |

| | | |
|---|---|---|
| 17 | മലമ്പുഴ - ഒലവക്കോട് 33 കെ. വി. ഓവർ ഹെഡ് ലൈൻ നിർമ്മാണം (8 കി. മീ) | 2021-22 ൽ പൂർത്തീകരിച്ചു |
| 18 | അഗളിയിൽ 1 മെഗാവാട്ട് സോളാർ പ്ലാന്റ് നിർമ്മാണം | 2021-22 ൽ പൂർത്തീകരിച്ചു |
| 19 | കഞ്ചിക്കോട് 3 മെഗാവാട്ട് സോളാർ പ്ലാന്റ് നിർമ്മാണം | 2021-22 ൽ പൂർത്തീകരിച്ചു |
| 20 | 110 കെവി. സബ് സ്റ്റേഷൻ പട്ടാമ്പിയും അനുബന്ധ 3.1 കി.മീ 110 കെവി ഡി സി ലൈൻ നിർമ്മാണം | 2021-22 ൽ പൂർത്തീകരിച്ചു |
| 21 | 33 കെവി. സബ് സ്റ്റേഷൻ മരുതൂരിൽ നിന്ന് 110 കെവി. സബ് സ്റ്റേഷൻ പട്ടാമ്പി വരെ 3.03 കി. മീ 33 കെ.വി. ഭൂഗർഭഗ കേബിൾ നിർമ്മാണം | 2021-22 ൽ പൂർത്തീകരിച്ചു |
| 22 | കൂറ്റനാട് 110 കെവി. സബ് സ്റ്റേഷനിൽ 16MVA, 110/33kV ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 2021-22 ൽ പൂർത്തീകരിച്ചു |
| 23 | നെമ്മാറ – കണ്ണമ്പുള്ളി 110 കെ. വി. (7.3 കി. മീ) ലൈനിന്റെ നിർമ്മാണം | 2022-23 ൽ പൂർത്തീകരിച്ചു |
| 24 | 66 കെ. വി. കണ്ണമ്പുള്ളി സബ്സ്റ്റേഷൻ 110 കെ. വി ആയി ഉയർത്തി | 2023-24 ൽ പൂർത്തീകരിച്ചു |
| 25 | കഞ്ചിക്കോട് വ്യവസ്സായ മേഖലയിൽ ചിരകാലമായി നില നിന്നിരുന്ന വൈദ്യുതി തടസ്സങ്ങൾ നീക്കം ചെയ്യാൻ കഞ്ചിക്കോട് 220 കെ. വി. സബ്സ്റ്റേഷനിൽ പുതിയ കൺട്രോൾ റൂം പണിത് നവീകരണ പ്രവർത്തികൾ | പൂർത്തീകരിച്ചു |
| **26** | ഷൊർണ്ണൂരിൽ 110 കെവി. GIS സബ് സ്റ്റേഷൻ നിർമ്മാണ പ്രവർത്തികൾ | പുരോഗമിക്കുന്നു. |
| 27 | കളപ്പെട്ടി - നെമ്മാറ 110 കെവി. ലൈൻ നിർമ്മാണ പ്രവർത്തികൾ | പുരോഗമിക്കുന്നു. |
| 28 | ചെർപ്പുളശ്ശേരി 110 കെ.വി സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 110/11 കെ.വി 12.5 എം. വി. എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി | 2026 ജനുവരിയിൽ പൂർത്തീകരിക്കുന്നതാണ് |
| 29 | 33 കെ.വി. ഒലവക്കോട് കല്ലാത്തി-വൈദ്യുതിഭവനം സബ്സ്റ്റേഷനുകളെ തമ്മിൽ ഘടിപ്പിക്കുന്നതിനായി 110 കെ. വി. വെണ്ണക്കര സബ്സ്റ്റേഷനിൽ നിന്ന് രണ്ടാമത് 3.5 കി.മീ 33 കെ.വി.ലൈൻ വൈദ്യുതിഭവനം 33 കെ.വി. സബ്സ്റ്റേഷനിലേക്ക് വലിക്കുന്ന പ്രവൃത്തി. | പുരോഗമിക്കുന്നു. |
| 30 | കൊഴിഞ്ഞാമ്പാറ 110 കെ.വി സബ്സ്റ്റേഷനിലേക്ക് പുതിയ 110കെ.വി സപ്ലൈ ഫീഡർ എത്തിക്കുന്നതിന്റെ ഭാഗമായി 66 കെ.വി കൊഴിഞ്ഞാമ്പാറ ടാപ്പ് ലൈൻ (8 കി. മീ) 110 കെ.വി. ആയി ഉയർത്തുകയും, 110 കെ.വി പാലക്കാട് വാളയാർ നമ്പർ 2 ഫീഡറുമായി ബന്ധപ്പെടുത്തുന്ന പ്രവൃത്തി | ഭരണാനുമതി ലഭിച്ച് GEC - III യിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുന്നു |
| 31 | ശ്രീകൃഷ്ണപുരം 33 കെ.വി. സബ്സ്റ്റേഷനിൽ മൂന്നാമത്തെ 5 എം.വി.എ 33/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി. | 2025 നവംബറിൽ പൂർത്തീകരിക്കുന്നതാണ് |
| 32 | കോതകുറിശ്ശി 110 കെ. വി സബ്സ്റ്റേഷന്റെ നിർമ്മാണം | സിവിൽ ജോലികൾ, ടവർ സ്ഥാപിക്കൽ എന്നിവ പുരോഗമിക്കുന്നു. |
| **33** | കഞ്ചിക്കോട് 110 കെ. വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കലും വിപുലീകരണവുമായി ബന്ധപ്പെട്ട പ്രവർത്തികൾ | പുരോഗമിക്കുന്നു. |

## 2016 മെയ് മാസം മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ അനെർട്ടിന്റെ ഇ–മൊബിലിറ്റി പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ

**1.Public EV Charging station Project jointly done by ANERT, EESL and Govt Dept**

| Sl. No | District Constituency | Capacity of machine | Details of Location |
|---|---|---|---|
| 1 | Palakkad/ Chittur | 60 kW CCS2+22 kW Type 2 AC | Chittur-Thathamangalam Muncipality Compoundm, Palakkad |
| 2 | Palakkad/ Shoranur | 60 kW CCS2+22 kW Type 2 AC | Kulapully Bus stand Shornur, Palakkad |

**2. Solar Powered Public EV Charging Station Project jointly done by ANERT and Govt. Dept**

| Sl. No | District Constituency | Capacity of machine | Details of Location |
|---|---|---|---|
| 1 | Palakkad/ Shoranur | 60 kW CCS2+60 kW CCS2+22 kW Type 2 AC+3.3 kW x3guns/ 5 kW | Metal Industries, Shoranur |

**3. 30kW EV Charging station Project for MVD jointly done by ANERT and MVD**

| Sl. No | District Constituency | Capacity of machine | Details of Location |
|---|---|---|---|
| 1 | Palakkad/ Koottupatha | 30 kW CCS2 | BSNL building, Koottupatha Jn, Chandra Nagar P O, Palakkad |

**4.Public EV Charging Station Project implemented by Hotels, Malls, Hospitals, Co-operative institutions and Restaurants with the financial support of DC fast charging machines**

| Sl. No | District Constituency | Capacity of machine | Details of Location |
|---|---|---|---|
| 1 | Palakkad/ Palakkad | 30 kW | Mr safeer Palakkathodi, Palakkathodi, Travlounge, Vattappara, Salem-Kochi hwy, Palakkad |